## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2900** **15/02/2013 ൽ മറുപടിക്ക്**

## ആർ.എം.എസ്.എ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിയിൽ സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചു; | എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2009-10, 2010-11, 2011-12 വർഷങ്ങളിലായി സംസ്ഥാനത്തിന് 342.18 കോടി രൂപ അംഗീകരിച്ചതിൽ ആകെ 44.55 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക കേന്ദ്രം നൽകും; സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ; | ബി) 2009-10 ൽ 47.48 കോടി രൂപ അംഗീകരിച്ചതിൽ 19.62 കോടി രൂപയും 2010-11 ൽ 122.03 കോടി രൂപ അംഗീകരിച്ചതിൽ 5.84 കോടി രൂപയും 2011-12 ൽ 172.37 കോടി രൂപ അംഗീകരിച്ചതിൽ 19.09 കോടി രൂപയും ആകെ 44.55 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. 2012-13 ലെ വാർഷിക പദ്ധതിയിൽ 59.71 കോടി രൂപയ്ക്കുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചെങ്കിലും നാളിതുവരെ പ്രസ്തുത വിഹിതം ലഭിച്ചിട്ടില്ല. സംസ്ഥാന വിഹിതമായി 2009-10 ൽ 6.54 കോടി രൂപയും 2010-11 ൽ 1.96 കോടി രൂപയും 2011-12 ൽ 6.36 കോടി രൂപയും ആകെ 14.86 കോടി രൂപ നൽകിയിട്ടുണ്ട്. |
| സി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത തുക ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | സി) ആർ.എം.എസ്.എ പദ്ധതി പ്രകാരം ആരംഭിച്ച ഹൈസ്ക്കൂളുകളിലെ 9,10 ക്ലാസുകളിലെ ഹെഡ്മാസ്റ്ററുടെയും അദ്ധ്യാപകരുടെയും ക്ലർക്ക്, പ്യൂൺ എന്നിവർക്ക് ശമ്പളം നൽകുന്നതിനും എല്ലാ സർക്കാർ ഹൈസ്കൂളുകൾക്ക് 75,000 രൂപാ വീതം വാർഷിക ഗ്രാന്റ് നൽകുന്നതിനും (25,000 രൂപ മൈനർ റിപ്പയർ, 25,000 രൂപ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും 10,000 രൂപ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനും 15,000 രൂപ വൈദ്യുതി, വെള്ളം |

ചാർജ്ജ് നൽകുന്നതിനും മറ്റും) 60 ആർ.എം. എസ്.എ സ്കൂളുകൾക്ക് മൈനർ റിപ്പയർ ഒഴിച്ച് 50,000 രൂപാ വീതവും വാർഷിക ഗ്രാന്റായി നൽകുന്നതിനും നിലവിലുള്ള സർക്കാർ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനും (നിർമ്മാണ പ്രവർത്തനങ്ങൾ) അദ്ധ്യാപക പരിശീലനം, വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള വിനോദയാത്രകൾ, ഗൈഡൻസ് ആന്റ് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കും ഓരോ വർഷത്തെയും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും, സ്കൂളുകളിലെ വിവരശേഖരണത്തിനായും സംസ്ഥാന ഓഫീസിലെ മറ്റു ചെലവുകൾക്കുമായാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ ആർ.എം.എസ്.എ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഓരോ സ്കൂളിനും 58.12 ലക്ഷം രൂപാ വീതം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായി 20 ലക്ഷം രൂപാ വീതം ആകെ 12 കോടി രൂപ സ്കൂളുകളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഡി) പ്രസ്തുത തുക ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലത്ത് അനുവദിക്കപ്പെട്ട, 550 പ്ലസ് ടു അധിക ബാച്ചുകളിലേക്കുള്ള അദ്ധ്യാപക/അനദ്ധ്യാപക ലാബ് അസിസ്റ്റന്റുമാർ ഉൾപ്പെടെയുള്ളവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

ഡി) 2009 ൽ ആരംഭിച്ച ആർ.എം.എസ്.എ യുടെ ആദ്യഘട്ടത്തിൽ 9,10 ക്ലാസുകൾ ഉൾപ്പെടുന്ന സെക്കന്ററി സ്കൂൾ വിഭാഗത്തിന്റെ വികസനം മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ആർ.എം.എസ്.എ.യുടെ രണ്ടാം ഘട്ടത്തിലേ ഹയർസെക്കന്ററി സ്കൂൾ വിഭാഗം ഉൾപ്പെടുത്തുകയുള്ളൂ. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഇതുവരെ അനുവദിക്കപ്പെട്ട തുക പ്ലസ് ടു അധിക ബാച്ചുകളിലേക്കുള്ള അദ്ധ്യാപക/ അനദ്ധ്യാപക ലാബ് അസിസ്റ്റന്റുമാർ ഉൾപ്പെടെയുള്ളവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ അനുവദനീയമല്ല.

ഇ) കൂടാതെ ഇപ്രകാരം ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ പങ്കാളിത്ത പെൻഷനിൽ നിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇ) ബാധകമല്ല.

സെക്ഷൻ ഓഫീസർ